**105/2025-M**

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ **111965**

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

# 105/2025-M

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. ക്ലാസ്-D ഫയർ എങ്ങനെയാണ് ഉണ്ടാകുന്നത്?
   - (A) L.P.G. കത്തുമ്പോൾ ഉണ്ടാകുന്നത്
   - (B) ഇലക്ട്രിക് ഉപകരണങ്ങൾ കത്തുമ്പോൾ ഉണ്ടാകുന്നത്
   - (C) തടി കത്തുമ്പോൾ ഉണ്ടാകുന്നത്
   - (D) പേപ്പർ കത്തുമ്പോൾ ഉണ്ടാകുന്നത്

2. കോമ്പിനേഷൻ പ്ലെയറിന്റെ ഉപയോഗമല്ലാത്തത് ഏതാണ്?
   - (A) നെയിലിംഗ് (B) പുള്ളിംഗ്
   - (C) ഹോൾഡിംഗ് (D) കട്ടിംഗ്

3. സ്റ്റാൻറേർഡ് വയർ ഗേജിലെ (SWG) സ്ലോട്ടുകളുടെ എണ്ണം എത്ര?
   - (A) 26 (B) 34
   - (C) 36 (D) 38

4. ഒരു യൂണിറ്റ് വൈദ്യുതി എന്നത് എത്രയാണ്?
   - (A) 1 Wh (B) 1 kWh
   - (C) 10 kWh (D) 0.1 kWh

5. 100 വാട്സ്, 60 വാട്സ് എന്നീ രണ്ട് ബൾബുകൾ ശ്രേണിയായി ഘടിപ്പിച്ചാൽ ഏത് ബൾബിനായിക്കും കൂടുതൽ പ്രകാശം?
   - (A) 100 വാട്സ് ബൾബ്
   - (B) 60 വാട്സ് ബൾബ്
   - (C) 100 വാട്സ് ബൾബിനും 60 വാട്സ് ബൾബിനും തുല്യപ്രകാശമായിരിക്കും
   - (D) 100 വാട്സ് ബൾബും 60 വാട്സ് ബൾബും പ്രകാശിക്കുകയില്ല

6. ഇലക്ട്രിക് സർക്യൂട്ടിൽ റെസിസ്റ്റൻസ് എന്നതുപോലെ മാഗ്നറ്റിക് സർക്യൂട്ടിൽ മാഗ്നറ്റിസത്തെ എതിർക്കുന്ന ഘടകം ഏതാണ്?
   - (A) റിലക്റ്റൻസ് (B) പെർമിയെബിലിറ്റി
   - (C) പെർമിറ്റൻസ് (D) റെസിസ്റ്റിവിറ്റി

7. ഒരു കപ്പാസിറ്ററിലെ ഇലക്ട്രിക് ചാർജ്ജിന്റെ യൂണിറ്റ് എന്താണ്?
   - (A) കൂളംബ് (B) ഫാരഡ്
   - (C) വോൾട്ട് (D) വെബർ

8. ഒരു സീരീസ് RLC സർക്യൂട്ട്, റെസൊണൻസ് സർക്യൂട്ടായി മാറുന്നതിനാവശ്യമായ അവസ്ഥ ഏതാണ്?
   - (A) $X_L < X_C$ (B) $X_L > X_C$
   - (C) $X_L = X_C$ (D) $Z = X_L$

9. ലീഡിംഗ് പവർ ഫാക്ടറിൽ പ്രവർത്തിക്കുന്ന ലോഡ് ഏതാണ്?
   (A) റെസിസ്റ്റീവ് ലോഡ്
   (B) കപ്പാസിറ്റീവ് ലോഡ്
   (C) മോട്ടോർ ലോഡ്
   (D) ലാംബ് ലോഡ്

10. ലൈൻ വോൾട്ടേജ് എന്നാൽ എന്താണ്?
   (A) രണ്ട് ഫേസ് ലൈനുകൾക്കിടയിലുള്ള വോൾട്ടേജ്
   (B) ഒരു ഫേസ് ലൈനിനും ന്യൂട്രൽ പോയിന്റിനുമിടയിലുള്ള വോൾട്ടേജ്
   (C) ഒരു ഫേസ് ലൈനിനും എർത്ത് പോയിന്റിനുമിടയിലുള്ള വോൾട്ടേജ്
   (D) ന്യൂട്രൽ പോയിന്റിനും എർത്ത് പോയിന്റിനും ഇടയിലുള്ള വോൾട്ടേജ്

11. 3 ഫേസ് പവർ അളക്കുന്നതിന് 2 വാട്ട്മീറ്റർ രീതി ഉപയോഗിക്കുമ്പോൾ ഒരു വാട്ട്മീറ്റർ നെഗറ്റീവ് റീഡിംഗ് കാണിക്കുന്നത് എന്തുകൊണ്ട്?
   (A) വാട്ട്മീറ്റർ കേടായതുകൊണ്ട്
   (B) പവർ ഫാക്ടർ കൂടുതലായതുകൊണ്ട്
   (C) പവർഫാക്ടർ കുറവായതുകൊണ്ട്
   (D) പവർ കൂടുതൽ ആയതുകൊണ്ട്

12. സ്റ്റോറേജ് ബാറ്ററിയുടെ ശേഷി കാണിക്കുന്ന യൂണിറ്റ് ഏതാണ്?
   (A) ആമ്പിയർ
   (B) കൂളംബ്
   (C) ആമ്പിയർ - അവർ
   (D) ആമ്പിയർ - ടേൻസ്

13. താഴെ തന്നിരിക്കുന്നതിൽ സെക്കൻഡറി സെൽ ഏതാണ്?
   (A) മെർക്കുറി സെൽ
   (B) വോൾട്ടായിക് സെൽ
   (C) ഡ്രൈ സെൽ
   (D) നിക്കൽ അയൺ സെൽ

14. ഏത് തരം ലാംബ് ഹോൾഡർ ആണ് ബൾബുകൾ തൂക്കിയിടുന്നതിന് ഉപയോഗിക്കുന്നത്?
   (A) ബോണറ്റ് ലാംബ് ഹോൾഡർ
   (B) പെൻഡെന്റ് ലാംബ് ഹോൾഡർ
   (C) ബാറ്റൺ ലാംബ് ഹോൾഡർ
   (D) ആങ്കിൾ ലാംബ് ഹോൾഡർ

15. 'സ്നാപ്പ് സ്വിച്ച്' ഏത് തരം സ്വിച്ചാണ്?
   (A) പിയാനോ ടൈപ്പ് സ്വിച്ച്
   (B) മോഡുലർ സ്വിച്ച്
   (C) ടോഗിൾ സ്വിച്ച്
   (D) ടംബ്ലർ ടൈപ്പ് സ്വിച്ച്

16. ഒരു വയറിംഗ് ഇൻസ്റ്റലേഷന്റെ പൂർത്തികരിച്ച രൂപം നൽകുന്ന ഡയഗ്രം ഏതാണ്?
   (A) ലേഔട്ട് ഡയഗ്രം
   (B) വയറിംഗ് ഡയഗ്രം
   (C) സർക്യൂട്ട് ഡയഗ്രം
   (D) ഇൻസ്റ്റലേഷൻ പ്ലാൻ

17. സിങ്ക്രണസ് റോട്ടറി റെക്ടിഫയർ ഉപയോഗിക്കുന്ന ടെസ്റ്റിംഗ് മീറ്റർ ഏതാണ്?

(A) മെഗർ

(B) എർത്ത് റെസിസ്റ്റൻസ് ടെസ്റ്റർ

(C) അമ്മീറ്റർ

(D) ക്ലാമ്പ് ഓൺ അമ്മീറ്റർ

18. ഇൻഡിക്കേഷനുവേണ്ടി ഉപയോഗിക്കുന്ന ലാംപ് ഏതാണ്?

(A) ഡിസ്ചാർജ്ജ് ലാംപ്

(B) ഇൻകാൻഡസെന്റ് ലാംബ്

(C) നിയോൺ ലാംബ്

(D) ഹാലജൻ ലാംപ്

19. ഇഗ്നൈറ്റർ ഉപയോഗിക്കുന്ന ലാംപ് ഏതാണ്?

(A) മെർക്കുറി ലാംപ്

(B) സോഡിയം വേപ്പർ ലാംപ്

(C) ഹാലജൻ ലാംപ്

(D) ഫ്ലൂറസെന്റ് ലാംപ്

20. ഇന്റഗ്രേറ്റിംഗ് ഇൻസ്ട്രുമെന്റിന് ഉദാഹരണം ഏത്?

(A) എനർജിമീറ്റർ

(B) അമ്മീറ്റർ

(C) വോൾട്ട്മീറ്റർ

(D) വാട്ട്മീറ്റർ

21. ഫുഡ് മിക്സറിൽ ഉപയോഗിക്കുന്ന മോട്ടോർ ഏതാണ്?

(A) ഡി.സി. സീരീസ് മോട്ടോർ

(B) ഡി.സി. ഷണ്ട് മോട്ടോർ

(C) യൂണിവേഴ്സൽ മോട്ടോർ

(D) ഷെയ്ഡഡ് പോൾ മോട്ടോർ

22. ട്രാൻസ്ഫോർമറിന്റെ കോർ ലാമിനേറ്റ് ചെയ്യുന്നതിന്റെ ആവശ്യകതയെന്ത്?

(A) കോപ്പർ നഷ്ടം കുറയ്ക്കാൻ

(B) കോറിന്റെ ഭാരം കുറയ്ക്കാൻ

(C) ചുഴിധാര നഷ്ടം കുറയ്ക്കാൻ

(D) ട്രാൻസ്ഫോർമറിനെ തണുപ്പിക്കുന്നതിന്

23. ട്രാൻസ്ഫോർമറിന്റെ ബ്രീത്തറിൽ ഉപയോഗിക്കുന്ന പദാർത്ഥം ഏതാണ്?

(A) സൾഫർ

(B) സിലിക്കാ ജെൽ

(C) കാൽസ്യം ഓക്സൈഡ്

(D) കാർബൺ

24. ഡി.സി. ജനറേറ്ററിൽ ഉല്പാദിപ്പിക്കുന്ന ആൾട്ടർനേറ്റിംഗ് കറന്റിനെ ഡയറക്ട് കറന്റ് ആക്കി മാറ്റുന്നതിന് ഉപയോഗിക്കുന്ന ഡി.സി. ജനറേറ്ററിന്റെ ഭാഗമേതാണ്?

(A) ആർമേച്ചർ

(B) ഫീൽഡ് വൈൻഡിംഗ്

(C) കമ്മ്യൂട്ടേറ്റർ

(D) ഫീൽഡ് പോൾ

25. ഡിഫ്രൻഷ്യൽ കോമ്പൗണ്ട് ജനറേറ്ററിന്റെ ഉപയോഗം ഏത്?
   (A) ആർക്ക് വെൽഡിംഗ്
   (B) സ്ട്രീറ്റ് ലൈറ്റിനിംഗ്
   (C) ലെയ്ത്ത് മെഷീനുകൾ
   (D) ഇലക്ട്രോപ്ലേറ്റിംഗ്

26. 3 പോയിന്റ് സ്റ്റാർട്ടർ ഉപയോഗിച്ച് സ്റ്റാർട്ട് ചെയ്യുന്ന മോട്ടോർ ഏതാണ്?
   (A) ഡി.സി. സീരീസ് മോട്ടോർ
   (B) ഡി.സി. ഷണ്ട് മോട്ടോർ
   (C) കോമ്പൗണ്ട് മോട്ടോർ
   (D) ഇൻഡക്ഷൻ മോട്ടോർ

27. ഡി.സി. സ്റ്റാർട്ടർ ഉപയോഗിച്ച് മോട്ടോർ സ്റ്റാർട്ട് ചെയ്യുമ്പോൾ സ്റ്റാർട്ടറിന്റെ ഹാൻഡിൽ പിടിച്ചിരിക്കാതിരിക്കാനുള്ള കാരണം എന്ത്?
   (A) സ്റ്റാർട്ടർ റെസിസ്റ്റൻസ് ബ്രേക്ക് ആയതുകൊണ്ട്
   (B) ഓവർ ലോഡ് കോയിൽ കേടായതുകൊണ്ട്
   (C) ഓവർ ലോഡ് റിലേ കേടായതുകൊണ്ട്
   (D) ഹോൾഡ് ഓൺ കോയിൽ കേടായതുകൊണ്ട്

28. 3 ഫേസ് ഇൻഡക്ഷൻ മോട്ടോറിന്റെ ഇൻസുലേഷൻ റെസിസ്റ്റൻസ് അളക്കുന്ന ഉപകരണമേത്?
   (A) അമ്മീറ്റർ
   (B) വോൾട്ട്മീറ്റർ
   (C) മെഗർ
   (D) എർത്ത് റസിസ്റ്റൻസ് ടെസ്റ്റർ

29. സ്ലിപ് റിംഗ് ഇൻഡക്ഷൻ മോട്ടോർ സ്റ്റാർട്ട് ചെയ്യാൻ ഉപയോഗിക്കുന്ന സ്റ്റാർട്ടർ ഏതാണ്?
   (A) സ്റ്റാർ-ഡെൽറ്റ സ്റ്റാർട്ടർ
   (B) ഓട്ടോമാറ്റിക് സ്റ്റാർ-ഡെൽറ്റ സ്റ്റാർട്ടർ
   (C) ഓട്ടോ ട്രാൻസ്ഫോർമർ സ്റ്റാർട്ടർ
   (D) റെസിസ്റ്റൻസ് സ്റ്റാർട്ടർ

30. AC സപ്ലൈയിലും DC സപ്ലൈയിലും ഉപയോഗിക്കുന്ന സിങ്കിൾ ഫേസ് മോട്ടോർ ഏതാണ്?
   (A) ഷെയ്ഡഡ് പോൾ മോട്ടോർ
   (B) യൂണിവേഴ്സൽ മോട്ടോർ
   (C) കപ്പാസിറ്റൻസ് സ്റ്റാർട്ട് ഇൻഡക്ഷൻ റൺ മോട്ടോർ
   (D) സ്റ്റെപ്പർ മോട്ടോർ

31. സിങ്കിൾ ഫേസ് മോട്ടോറിൽ സെൻട്രിഫ്യൂഗൽ സ്വിച്ചിന്റെ ധർമ്മം എന്ത്?

(A) മോട്ടോറിന്റെ സ്പീഡ് 75% ആകുമ്പോൾ സ്റ്റാർട്ടിംഗ് വൈഡിംഗ് സർക്യൂട്ടിൽ നിന്നും ഒഴിവാക്കാൻ

(B) മോട്ടോറിന്റെ സ്പീഡ് കുറയ്ക്കുന്നതിന് ഉപയോഗിക്കുന്നു

(C) മോട്ടോറിന്റെ സ്പീഡ് ഉയർത്തുന്നതിന് റണ്ണിംഗ് വൈഡിംഗ് കണക്ട് ചെയ്യുന്നതിന്

(D) മോട്ടോറിന്റെ സ്റ്റാർട്ടർ ആയി പ്രവർത്തിക്കുന്നു

32. സ്ലോ-മീഡിയം വേഗതയിലുള്ള ആൾട്ടർനേറ്ററിൽ ഉപയോഗിക്കുന്ന റോട്ടർ ഏതാണ്?

(A) കേജ് റോട്ടർ

(B) സ്ലിപ് റിംഗ് റോട്ടർ

(C) സാലിന്റ് പോൾ റോട്ടർ

(D) നോൺ സാലിന്റ് പോൾ റോട്ടർ

33. ആൾട്ടർനേറ്ററുകളെ സമാന്തരമായി ബന്ധിപ്പിക്കുന്ന രീതിയെ ഏത് പേരിലാണ് അറിയപ്പെടുന്നത്?

(A) സിങ്ക്രണൈസേഷൻ

(B) സിങ്ക്രണോസ്കോപ്പ്

(C) സിങ്ക്രണസ് വേഗത

(D) സ്ലിപ് വേഗത

34. പവർ ഫാക്ടർ ഉയർത്തുന്നതിന് സിങ്ക്രണസ് കൺഡെൻസറായി പ്രവർത്തിക്കുന്ന മോട്ടോർ ഏതാണ്?

(A) ഇൻഡക്ഷൻ മോട്ടോർ

(B) സിങ്ക്രണസ് മോട്ടോർ

(C) സിങ്കിൾഫേസ് മോട്ടോറുകൾ

(D) ഡി.സി. സീരീസ് മോട്ടോർ

35. റിവേഴ്സ് ബയാസിംഗിൽ പ്രവർത്തിക്കുന്ന ഒരു ഇലക്ട്രോണിക് ഘടകം ഏതാണ്?

(A) ഡയോഡ്

(B) LED

(C) സെനർ ഡയോഡ്

(D) ട്രാൻസിസ്റ്റർ

36. $(34)_{10}$ എന്ന ഡെസിബെൽ സംഖ്യയുടെ തുല്യമായ ബൈനറി സംഖ്യ ഏതാണ്?

(A) $(100010)_2$

(B) $(110000)_2$

(C) $(100001)_2$

(D) $(010001)_2$

37. കൺട്രോൾ പാനൽ വയറിംഗുകളിൽ വയറുകളുടെ നമ്പർ കോഡിംഗിന് ഉപയോഗിക്കുന്ന സാധനമേത്?

(A) ഡിൻറെയിൽ

(B) ഇൻസുലേഷൻ ടേപ്പ്

(C) ഗ്രോമെറ്റ്

(D) ഫെറൂൾസ്

38. ഇൻപുട്ട് വോൾട്ടേജ് നഷ്ടപ്പെടുമ്പോൾ UPS ന്റെ ഏത് ഭാഗമാണ് തുടർച്ചയായി ഔട്ട്പുട്ടിലേക്ക് സപ്ലൈ വോൾട്ടേജ് നൽകുന്നത്?

(A) ബാറ്ററി യൂണിറ്റ്
(B) ഇൻവെർട്ടർ യൂണിറ്റ്
(C) റെക്ടിഫയർ യൂണിറ്റ്
(D) കൺട്രോളർ യൂണിറ്റ്

39. ഓവർ ഹെഡ് ലൈനുകളിൽ ഉപയോഗിക്കുന്ന ചാലകം ഏതാണ്?

(A) HDBC
(B) അലൂമിനിയം
(C) ഗാൽവനൈസ്ഡ് അയൺ
(D) ACSR

40. ഏതാണ് കൂടുതൽ കാര്യക്ഷമതയുള്ള പവർ പ്ലാന്റ്?

(A) ഡീസൽ പ്ലാന്റ്
(B) സ്റ്റീം പവർ പ്ലാന്റ്
(C) ഹൈഡ്രോ ഇലക്ട്രിക് പ്ലാന്റ്
(D) വിന്റ് പവർ പ്ലാന്റ്

41. "വെള്ളനിറത്തിലുള്ള ചിഹ്നം നീലനിറത്തിലുള്ള ബാക്ക്ഗ്രൗണ്ടിൽ വൃത്താകൃതിയിൽ" ഉള്ളതാണെങ്കിൽ ഏത് വിഭാഗം സൈനിൽ ഉൾപ്പെടും?

(A) പ്രൊഹിബിഷൻ സൈൻ
(B) മാൻഡേറ്ററി സൈൻ
(C) വാണിംഗ് സൈൻ
(D) ഇൻഫർമേഷൻ സൈൻ

42. സ്റ്റാർവിംഗ് എന്നാൽ എന്താണ്?

(A) തീയിൽ നിന്നും ഓക്സിജൻ മാറ്റപ്പെടുന്നു
(B) തീയിൽ വെള്ളം ഒഴിക്കുന്നു
(C) തീയിൽ നിന്നും ഇന്ധനം മാറ്റപ്പെടുന്നു
(D) തീയിൽ ഊഷ്മാവ് കുറയ്ക്കപ്പെടുന്നു

43. 'ഐ ഹോൾ' ഏത് ഉപകരണത്തിന്റെ ഭാഗമാണ്?

(A) ചുറ്റിക
(B) ഫയൽ
(C) ഉളി
(D) കൈവാൾ

44. ഒരു അലുമിനിയം ആറ്റത്തിന്റെ ഏറ്റവും പുറമെയുള്ള ഓർബിറ്റലിലെ ഇലക്ട്രോണുകളുടെ ആകെ എണ്ണം എത്ര?

(A) 1
(B) 2
(C) 3
(D) 4

45. ഇലക്ട്രീഷ്യൻ സോൾഡറിന്റെ പ്രവർത്തന ഊഷ്മാവ് എത്രയാണ്?

(A) 100°C
(B) 155°C
(C) 225°C
(D) 185°C

46. ഓം നിയമം അനുസരിച്ച് ശരിയായത് ഏതാണ്?

(A) സ്ഥിരം ഊഷ്മാവിൽ കറന്റ് വോൾട്ടേജിന് വിപരീത അനുപാതത്തിലായിരിക്കും

(B) സ്ഥിരം ഊഷ്മാവിൽ കറന്റ് വോൾട്ടേജിന് നേർ അനുപാതത്തിലായിരിക്കും

(C) സ്ഥിരം ഊഷ്മാവിൽ കറന്റും വോൾട്ടേജും തുല്യമായിരിക്കും

(D) സ്ഥിരം ഊഷ്മാവിൽ കറന്റ് വോൾട്ടേജിനെക്കാൾ കുറവാണ്

47. റസിസ്റ്റിവിറ്റിയുടെ യൂണിറ്റ്

(A) ഓം-മീറ്റർ

(B) ഓം

(C) വാട്സ്

(D) ഹെൻറി

48. ഒരു മെട്രിക് കുതിരശക്തി എത്ര വാട്സ് ആണ്?

(A) 746 വാട്സ്

(B) 745.5 വാട്സ്

(C) 736 വാട്സ്

(D) 735.5 വാട്സ്

49. 750 W/250 V എന്ന റേറ്റിംഗുള്ള ഒരു ഇലക്ട്രിക് ഇസ്തിരിപ്പെട്ടി 60 മിനിട്ട് ഉപയോഗിക്കുകയാണെങ്കിൽ ഉപയോഗിച്ച യൂണിറ്റ് എത്ര?

(A) 1 യൂണിറ്റ്

(B) 0.75 യൂണിറ്റ്

(C) 0.5 യൂണിറ്റ്

(D) 0.25 യൂണിറ്റ്

50. ആമ്പിയർ ടേൺസ്/വെബർ എന്നത് എന്തിന്റെ യൂണിറ്റാണ്?

(A) കൺടക്റ്റൻസ്

(B) ഇമ്പിഡൻസ്

(C) ഇൻഡക്റ്റൻസ്

(D) റിലക്റ്റൻസ്

51. സിനുസോയിഡൽ AC തരംഗത്തിൽ ഫോം ഫാക്ടറിന്റെ വിലയെന്ത്?

(A) 0.707

(B) 0.636

(C) 1.11

(D) 1

52. ക്രീപ്പിംഗ് എറർ ഉണ്ടാകുന്നത് ഏത് മെഷറിംഗ് ഇൻസ്ട്രമെന്റിലാണ്?

(A) ഹൈഡ്രോമീറ്റർ

(B) ഹൈഗ്രോമീറ്റർ

(C) മൾട്ടിമീറ്റർ

(D) എൻർജിമീറ്റർ

53. ഉയർന്ന കറന്റ് അളക്കാൻ സഹായിക്കുന്ന ഇൻസ്ട്രമെന്റ് ഏതാണ്?

(A) കറന്റ് ട്രാൻസ്ഫോർമർ

(B) വോൾട്ടേജ് ട്രാൻസ്ഫോർമർ

(C) ഓട്ടോ ട്രാൻസ്ഫോർമർ

(D) പവർ ട്രാൻസ്ഫോർമർ

54. റീ വയറബിൾ തരം ഫ്യൂസ് യൂണിറ്റിൽ ഫ്യൂസ് എലമെന്റ് സ്ഥിതിചെയ്യുന്നതെവിടെ?

(A) ഫ്യൂസ് ബേസിൽ
(B) ഫ്യൂസ് കാരിയറിൽ
(C) ആസ്ബറ്റോസ് ട്യൂബിൽ
(D) ഫ്യൂസ് യുണിറ്റിന്റെ പുറത്ത്

55. 'G' സീരീസ് മിനിയേച്ചർ സർക്യൂട്ട് ബ്രേക്കർ ഏത് ഇലക്ട്രിക് ഉപകരണത്തിന്റെ സംരക്ഷണത്തിനാണ് ഉപയോഗിക്കുന്നത്?

(A) ഗീസർ
(B) ഓവൺ
(C) മോട്ടോർ
(D) ട്രാൻസ്ഫോർമർ

56. പ്രോക്സിമിറ്റി സെൻസർ ഉപയോഗിക്കുന്നത് ഏതിലാണ്?

(A) റോബോർട്ട്
(B) എയർക്രാഫ്റ്റ്
(C) കമ്പ്യൂട്ടർ
(D) സ്ട്രീറ്റ് ലൈറ്റ്

57. കൺട്രോൾ പാനൽ വയറിംഗിൽ പാനലിനുള്ളിലേക്ക് വയറുകളുടെ ഇൻസുലേഷൻ നഷ്ടപ്പെടാതെ വയറുകൾ കടത്തിവിടാറുള്ള ബുഷിന്റെ പേരെന്ത്?

(A) ജിചാനൽ
(B) ഫെറൂൾ
(C) ഡിൻറെയിൽ
(D) ഗ്രോമെറ്റ്

58. വയറിംഗ് ഇൻസ്റ്റലേഷൻ പരിശോധിക്കാൻ ഉപയോഗിക്കുന്ന ഉപകരണം ഏതാണ്?

(A) അമ്മീറ്റർ
(B) വാട്ട്മീറ്റർ
(C) വോൾട്ട്മീറ്റർ
(D) മെഗർ

59. ബാറ്ററിയുടെ അധിക ചാർജ്ജിംഗ്, ഡിസ്ചാർജിംഗ് എന്നിവ മുഖേന ബാറ്ററിയുടെ ഇലക്ട്രോഡുകൾ വളഞ്ഞ് കേടാകുന്നതിനെ ഏത് പേരിലാണ് പറയുന്നത്?

(A) പോളറൈസേഷൻ
(B) ബക്ലിംഗ്
(C) ഹാർഡ് സൾഫേഷൻ
(D) പാർഷ്യൽ ഷോട്ട്

60. ആൾട്ടർനേറ്ററുകളുടെ ഔട്ട്പുട്ട് രേഖപ്പെടുത്തുന്നത് ഏത് യൂണിറ്റിലാണ്?

(A) കിലോവാട്സ്
(B) കിലോവാട്ട് അവർ
(C) കിലോ വോൾട്ട് ആമ്പിയർ
(D) മെഗാ വാട്സ്

61. ഇലക്ട്രിക് ബസർ ഏത് തരം ഡിവൈസാണ്?

(A) വീഡിയോ സിഗ്നൽ ഡിവൈസ്
(B) ആഡിയോ സിഗ്നൽ ഡിവൈസ്
(C) ഇലക്ട്രിക് ബെൽ
(D) ഇന്ററപ്റ്റർ ബെൽ

62. സോൾ പ്ലേറ്റ് ഉപയോഗിക്കുന്ന ഗാർഹിക ഇലക്ട്രിക് ഉപകരണമേത്?

(A) ഇലക്ട്രിക് കെറ്റിൽ
(B) വെറ്റ് ഗ്രൈന്റർ
(C) ഇലക്ട്രിക് അയൺ
(D) ഫുഡ് മിക്സർ

63. വെള്ളം ചൂടാക്കുന്നതിനും സൂക്ഷിച്ച് വെയ്ക്കുന്നതിനും ഉപയോഗിക്കുന്ന ഗാർഹിക ഉപകരണ മേത്?

(A) കുക്കിംഗ് റേഞ്ച്
(B) ഇലക്ട്രിക് അയൺ
(C) ബ്രെഡ് ടോസ്റ്റർ
(D) ഗെയ്സർ

64. “കനോപ്പി” എന്നത് ഏത് തരം ഫാനിന്റെ ഭാഗമാണ്?

(A) സീലിംഗ് ഫാൻ
(B) ടേബിൾ ഫാൻ
(C) എക്സ്ഹോസ്റ്റ് ഫാൻ
(D) വാൾ ഫാൻ

65. റെഫ്രിജറേഷന്റെ വർക്കിംഗ് സൈക്കിൾ ശരിയായത് ഏതാണ്?

(A) എക്സ്പാൻഷൻ - കംപ്രഷൻ - ഇവപ്രേഷൻ - കൻഡൻസേഷൻ
(B) കംപ്രഷൻ - കൻഡൻസേഷൻ - എക്സ്പാൻഷൻ - ഇവപ്രേഷൻ
(C) കൻഡൻസേഷൻ - ഇവപ്രേഷൻ - എക്സ്പാൻഷൻ - കംപ്രഷൻ
(D) ഇവപ്രേഷൻ - എക്സ്പാൻഷൻ - കൻഡൻസേഷൻ - കംപ്രഷൻ

66. ഫ്ലൂറസെന്റ് ട്യൂബിന്റെ ഉള്ളിൽ പൂശുന്ന പദാർത്ഥം :

(A) സിലിക്കൺ
(B) കാൽസ്യം
(C) ഫോസ്ഫർ
(D) മഗ്നീഷ്യം

67. ല്യൂമിനസ് ഫ്ലക്സിന്റെ യൂണിറ്റ് എന്ത്?

(A) ല്യൂമൺ
(B) ലക്സ്
(C) കാൻഡെല
(D) ല്യൂമൺ / മീറ്റർ സ്ക്വയർ

68. ഇൻകാൻഡസെന്റ് ബൾബുകളിൽ ഫിലമെന്റ് നിർമ്മിക്കാനുപയോഗിക്കുന്ന ലോഹം ഏതാണ്?

(A) സിൽവർ
(B) മെർക്കുറി
(C) ടങ്സ്റ്റൺ
(D) കാർബൺ

69. ഒരു ബൾബിനെ വ്യത്യസ്തമായ രണ്ട് സ്ഥലങ്ങളിൽ നിന്നും നിയന്ത്രിക്കുന്ന വയറിംഗ് ഏതാണ്?

(A) ഹോസ്പിറ്റൽ വയറിംഗ്
(B) ടണൽ വയറിംഗ്
(C) ഗോഡൗൺ വയറിംഗ്
(D) സ്റ്റെയർകേസ് വയറിംഗ്

70. വയറിംഗ് ഇൻസ്റ്റലേഷനുകൾ ഉപയോഗിക്കുന്നതിന് മുമ്പ് വിവിധ ടെസ്റ്റ് നടത്തുന്നതിനായി ഉപയോഗിക്കുന്ന ഉപകരണമേത്?

(A) എർത്ത് ടെസ്റ്റർ
(B) ഗ്രൗളർ
(C) മെഗർ
(D) അമ്മീറ്റർ

71. അണ്ടർ ഗ്രൗണ്ട് കേബിളിലെ ആർമറിംഗ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന ലോഹം ഏതാണ്?

(A) ഗാൽവനൈസ്ഡ് സ്റ്റീൽ
(B) മൈൽഡ് സ്റ്റീൽ
(C) സിൽവർ
(D) കാസ്റ്റ് അയൺ

72. ഓയിൽ ഫിൽ തരം കേബിളിന്റെ വോൾട്ടേജ് റേഞ്ച് ഏതാണ്?

(A) 11 kV മുതൽ 33 kV വരെ
(B) 11 kV മുതൽ 66 kV വരെ
(C) 66 kV മുതൽ 230 kV വരെ
(D) 66 kV മുതൽ 330 kV വരെ

73. ഇലക്ട്രിക് കറന്റിന്റെ ഏത് ഇഫക്ട് ആണ് നിയോൺ ബൾബുകളിൽ ഉപയോഗിക്കുന്നത്?
   (A) കെമിക്കൽ ഇഫക്ട്
   (B) ഹീറ്റിംഗ് ഇഫക്ട്
   (C) ഗ്യാസ് അയണൈസേഷൻ ഇഫക്ട്
   (D) മാഗ്നറ്റിക് ഇഫക്ട്

74. പേഴ്സണൽ പ്രൊട്ടക്ടീവ് എക്യുപ്മെന്റിൽ ഉൾപ്പെടാത്തത് ഏതാണ്?
   (A) കണ്ണട
   (B) ഹെൽമെറ്റ്
   (C) മാലറ്റ്
   (D) ഗ്ലൗസ്

75. 8 ഓം റസിസ്റ്റൻസും 6 ഓം റിയാക്റ്റൻസുമുള്ള ഒരു RL സർക്യൂട്ടിന്റെ ആകെ റസിസ്റ്റൻസ് എത്ര ഓം ആണ്?
   (A) 8 ഓം
   (B) 6 ഓം
   (C) 14 ഓം
   (D) 10 ഓം

76. സർക്യൂട്ട് ബ്രേക്കറിൽ ആർക്ക് മൂലമുണ്ടാകുന്ന തീ അണക്കാൻ ഉപയോഗിക്കുന്ന വാതകം ഏതാണ്?
   (A) സൾഫർ ഹെക്സാ ഫ്ലൂറൈഡ്
   (B) കാർബൺ ഡൈ ഓക്സൈഡ്
   (C) സൾഫർ ഓക്സൈഡ്
   (D) കാൽസ്യം കാർബണേറ്റ്

77. ഒരു പൈപ്പ് എർത്തിംഗ് സംവിധാനത്തിന്റെ പരമാവധി ആഴം എത്ര മീറ്റർ ആണ്?
   (A) 5 മീറ്റർ
   (B) 4.3 മീറ്റർ
   (C) 3.3 മീറ്റർ
   (D) 2.3 മീറ്റർ

78. പരിശുദ്ധമായ ഒരു കപ്പാസിറ്റൻസ് സർക്യൂട്ടിന്റെ പവർ എത്രയാണ്?
   (A) 0 W
   (B) 1 W
   (C) 0.1 W
   (D) 1.1 W

79. പാസീവ് കമ്പോണന്റിന് ഉദാഹരണം അല്ലാത്തത് ഏതാണ്?
   (A) റസിസ്റ്റർ
   (B) കപ്പാസിറ്റർ
   (C) ഇൻഡക്ടർ
   (D) ഡയോഡ്

80. ഓവർ ഹെഡ് ലൈനുകളിൽ ഉപയോഗിക്കുന്ന ജോയിന്റ് ഏതാണ്?
   (A) ടി ജോയിന്റ്
   (B) ബ്രിട്ടാണിയ ജോയിന്റ്
   (C) പിഗ് - ടെയിൽ ജോയിന്റ്
   (D) മ്യാരീഡ് ജോയിന്റ്

81. ഒരു സംഖ്യയുടെ 24 ശതമാനം 96 ആണെങ്കിൽ സംഖ്യയെത്ര?

(A) 300 (B) 400
(C) 500 (D) 600

82. 3, 10, 17,..... എന്ന സമാന്തര പ്രോഗ്രഷന്റെ പത്താമത്തെ പദമേത്?

(A) 73 (B) 63
(C) 66 (D) 76

83. ഒരു സംഖ്യയുടെ 5 മടങ്ങിൽ നിന്നും 7 കുറച്ചാൽ 113 കിട്ടുമെങ്കിൽ സംഖ്യയേത്?

(A) 25 (B) 24
(C) 34 (D) 35

84. സിമന്റും മണലും ചേർത്ത് 3 : 5 അംശബന്ധത്തിൽ ഒരു മിശ്രിതം തയ്യാറാക്കാൻ 100 കിലോഗ്രാം മണൽ ഉപയോഗിക്കുന്നുവെങ്കിൽ എത്ര കിലോഗ്രാം സിമന്റ് ഉപയോഗിക്കണം?

(A) 60 (B) 30
(C) 45 (D) 50

85. $\dfrac{3.59\times 2.91}{(3.25)^2-(0.34)^2}=$

(A) 1 (B) 2
(C) 3 (D) 4

86. ഒരു സംഘത്തിൽ ആകെ 50 പേരുണ്ട്. അതിൽ 20 പേരുടെ ശരാശരി വയസ്സ് 30 ഉം ബാക്കി 30 പേരുടെ ശരാശരി വയസ്സ് 20 ഉം ആയാൽ ആകെയുള്ള 50 പേരുടെ ശരാശരി വയസ്സെത്ര?

(A) 50 (B) 25
(C) 24 (D) 30

87. ഒരു വൃത്തത്തിന്റെ ചുറ്റളവ് $24\pi$ സെ.മീ. ആണെങ്കിൽ അതിന്റെ പരപ്പളവ് (വിസ്തീർണ്ണം) എത്ര?

(A) $24\pi$ സെ.മീ$^2$ (B) $144\pi$ സെ.മീ$^2$
(C) 144 സെ.മീ$^2$ (D) 24 സെ.മീ$^2$

88. താഴെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും വലിയ സംഖ്യയേത്?

(A) $-100$ (B) $-125$
(C) $-1$ (D) 0

89. ഒരു കാർ യാത്രയുടെ ആദ്യപകുതി 70 കി.മീ./മണിക്കൂർ വേഗതയിലും മറ്റേ പകുതി 80 കി.മീ./മണിക്കൂർ വേഗതയിലും സഞ്ചരിച്ച് 15 മണിക്കൂർ സമയം കൊണ്ട് യാത്ര പൂർത്തിയാക്കുന്നു. എങ്കിൽ യാത്രയുടെ ആകെ ദൂരമെത്ര?

(A) 1120 കി.മീ. (B) 1500 കി.മീ,
(C) 1100 കി.മീ. (D) 1000 കി.മീ.

90. $3^3+3^3+3^3$ ന് തുല്യമായതേതാണ്?

(A) $9^3$ (B) $3^9$
(C) $3^4$ (D) $9^9$

91. ഹിന്ദുമത ധർമ്മ സ്ഥാപന നിയമം നിലവിൽ വന്ന വർഷം :

(A) 1952
(B) 1953
(C) 1950
(D) 1951

92. ഹിന്ദുമതത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളാണ് :

(A) വേദങ്ങൾ
(B) ഇതിഹാസങ്ങൾ
(C) പുരാണങ്ങൾ
(D) ഉപനിഷത്തുക്കൾ

93. തിരുവിതാംകൂറിൽ ഏത് വർഷമാണ് ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചത്?

(A) 1938
(B) 1936
(C) 1937
(D) 1942

94. 'ശ്രീകൃഷ്ണ കർണാമൃതം' ആരുടെ രചനയാണ്?

(A) മേല്പത്തൂർ
(B) വില്വമംഗലം
(C) പൂന്താനം
(D) എഴുത്തച്ഛൻ

95. തിരുവിതാംകൂറിലെ ഹൈന്ദവ ക്ഷേത്രങ്ങളെയും അവയുടെ സ്വത്തുക്കളെയും സർക്കാർ നിയന്ത്രണത്തിലാക്കിയ ബ്രിട്ടീഷ് റസിഡന്റ് :

(A) കേണൽ കല്ലൻ
(B) കേണൽ മെക്കാളെ
(C) കേണൽ മൺറോ
(D) കേണൽ മാൾട്ടബി

96. 'ധൂളി ചിത്രപ്പാട്ട്' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന കേരളത്തിലെ ഒരു അനുഷ്ഠാന കല :

(A) കളമെഴുത്തുപാട്ട്
(B) തെയ്യം
(C) തിറ
(D) മുടിയേറ്റ്

97. വേണാട്ടു രാജാക്കന്മാർ കിരീട ധാരണത്തിനുശേഷം ക്ഷത്രിയത്വം കൈവരിക്കാൻ നടത്തുന്ന ചടങ്ങ് ആദ്യകാലങ്ങളിൽ നടത്തിയിരുന്ന സ്ഥലം :

(A) തിരുവട്ടാർ
(B) രാമേശ്വരം
(C) ചിദംബരം
(D) കാശി

98. കൊല്ലം, കുന്നത്തൂർ താലൂക്കുകളിൽ പെട്ട പതിനാറു കരകളുടെയും പ്രധാന സ്ഥാനത്തുള്ള ചരിത്ര പ്രസിദ്ധമായ ക്ഷേത്രം :

(A) കാഞ്ഞിരക്കോട് ശ്രീകൃഷ്ണക്ഷേത്രം
(B) വെള്ളിമൺ ഗണപതിക്ഷേത്രം
(C) പോർക്കുളം മഹാവിഷ്ണുക്ഷേത്രം
(D) ചിറ്റുമല ദേവീക്ഷേത്രം

99. തിരുവിതാംകൂർ ദേവസ്വം ബോർഡ് നിലവിൽ വന്ന വർഷം :

(A) 01/08/1949
(B) 01/08/1948
(C) 01/08/1947
(D) 01/08/1950

100. വള്ളുവനാട് ദേശത്തിന്റെ സംരക്ഷണ മൂർത്തിയായ പ്രതിഷ്ഠ :

(A) തൃക്കണ്ടിയൂർ ശ്രീ മഹാദേവ സ്വാമി
(B) തിരുമാന്ധാംകുന്ന് ഭഗവതി
(C) കല്ലേകുളങ്ങര ഏമൂർ ഭഗവതി
(D) കൊടുങ്ങല്ലൂർ ഭഗവതി